പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.761

16.07.2014 ൽ
മറുപടിയ്ക്ക്

## സ്പോർട്സ് കിറ്റ് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കുന്ന ക്ലബ്ബുകൾക്കും സർക്കാർ സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ / എയ്ഡഡ് സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി പദ്ധതി രൂപീകരിച്ചിരുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ / എയ്ഡഡ് സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ വാങ്ങി നൽകി, കായിക പരിശീലനം നടത്തുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ യുവജന ക്ലബ്ബുകളെ ശക്തിപ്പെടുത്തുക, നഷ്ടമായിക്കൊണ്ടിരിക്കുന്ന കായിക മികവ് താഴെ തട്ടിൽ നിന്നും വളർത്തിക്കൊണ്ടു വരുക, അതിലൂടെ മെച്ചപ്പെട്ട ശാരീരിക ശേഷി യുവാക്കൾക്ക് ലഭ്യമാക്കുക, കായിക സംസ്കാരം പുന:രുജ്ജീവിപ്പിക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് ഇതു വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) അരുവിക്കര ജി.വി.രാജ സ്പോർട്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പരിശീലനത്തിനായി മതിയായ കായിക ഉപകരണങ്ങൾ ഇല്ലാത്തതിനാൽ സ്കൂൾ അധികൃതരുടെ അപേക്ഷ പരിഗണിച്ച് 12,12,782/- രൂപാ (പന്ത്രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ചെലവിൽ കായിക ഉപകരണങ്ങൾ നൽകി. |

| | | | |
|---|---|---|---|
| (ഡി) | ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കായിക ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് യുവജനക്ഷേമ ബോർഡ് നേരിട്ടാണ് നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ